# കേരള കാർഷിക സർവ്വകലാശാല

## ഇൻസ്ട്രക്ഷണൽ ഫാം

No.ഐ.എഫ്./എ3/825/2019 വെള്ളാനിക്കര, തിയ്യതി 04/01/2021

## കൊട്ടേഷൻ /ലേല പരസ്യം

ഇൻസ്ട്രക്ഷണൽ ഫാമിലെ ഏകദേശം 77 പ്ലാവുകളുടെ വിളവെടുക്കുന്നതിനുള്ള അവകാശം ക്വട്ടേഷൻ/ലേല വ്യവസ്ഥ പ്രകാരം നൽകാൻ തീരുമാനിച്ചിരിക്കുന്നു. താൽപ്പര്യമുള്ളവർ സീൽ ചെയ്ത ക്വട്ടേഷൻ 13/01/2021 ന് 11.00 മണിക്ക് മുൻപ് ഈ ഓഫീസിലെത്തിക്കേണ്ടതാണ്.

കൊട്ടേഷൻ/ലേലത്തിൽ പങ്കെടുക്കേണ്ടവർ നിരദ്രവ്യമായി 3500/- രൂപ വീതം 13/01/2021 ന് 11.00 മണിക്ക് മുൻപായി ഓഫീസിൽ കെട്ടി വയ്ക്കുകയും, രഹസ്യ ക്വട്ടേഷൻ നൽകുകയും വേണം. അന്നേ ദിവസം 12.00 മണിക്ക് രഹസ്യ ക്വട്ടേഷൻ നൽകിയവരെ മാത്രം പങ്കെടുപ്പിച്ചു കൊണ്ട് പരസ്യ ലേലം നടത്തുന്നതും അതിനു ശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും.

| ക്രമ നമ്പർ | വിളകൾ | എണ്ണം | നിരതദ്രവ്യം |
|---|---|---|---|
| 1 | പ്ലാവ് | 77 | 3500/- |

**നിബന്ധനകൾ**

1. ക്വട്ടേഷൻ നിരക്ക് വളരെ വ്യക്തമായി അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം.
2. ക്വട്ടേഷൻ കവറിന് പുറത്ത് "ഫാമിലെ പ്ലാവുകളുടെ വിളവെടുക്കുന്നതിനുള്ള ക്വട്ടേഷൻ - 2021 " എന്ന് വ്യക്തമായി എഴുതിയിരിക്കണം.
3. ക്വട്ടേഷനുകൾ പ്രൊഫസ്സർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര എന്ന പേരിൽ ആയിരിക്കേണ്ടതും നിരതദ്രവ്യമടക്കം 2021 ജനുവരി 13 നു രാവിലെ 11 മണിക്കു മുമ്പായി ഓഫീസിൽ ലഭിക്കേണ്ടതുമാണ്
4. 13-01-2021 നു രാവിലെ 12.00 മണിക്ക് രഹസ്യ ക്വട്ടേഷൻ നൽകിയവരെ മാത്രം പങ്കെടുപ്പിച്ചു കൊണ്ട് പരസ്യലേലം നടത്തുന്നതും, തുടർന്ന് ക്വട്ടേഷനുകൾ തുറക്കുന്നതും ആയതിൽ ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ലേലം ഉറപ്പിക്കുന്നതുമാണ്.
5. ഇപ്രകാരം ക്വട്ടേഷൻ/ലേലം ഉറപ്പിച്ചു കിട്ടുന്നയാൾ അപ്പോൾ തന്നെ ക്വട്ടേഷൻ/ലേല തുകയുടെ മൂന്നിൽ ഒരു ഭാഗം അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും അഞ്ചു പ്രവൃത്തി ദിവസത്തിനകം അടച്ച് രശീത് വാങ്ങേണ്ടതാണ്.
6. മുഴുവൻ ലേല തുകയും ഓഫീസിൽ അടച്ചതിനുശേഷം മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ.
7. വിളവെടുപ്പ് സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തേണ്ടതാണ്.
8. വിളവെടുപ്പ് കാലാവധി ക്വട്ടേഷൻ അംഗീകരിച്ച തിയതി മുതൽ 31-08-2021 വരെ മാത്രമായിരിക്കും.
9. ലേലം ഉറപ്പിച്ച് കിട്ടുന്ന വ്യക്തിയുടെ നിരതദ്രവ്യമായ 3500/- രൂപ, ചക്കയുടെ വിളവെടുപ്പ് മുഴുവൻ കഴിഞ്ഞതിനുശേഷം മാത്രമേ തിരികെ നൽകുകയുള്ളു.

10. ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് മാത്രമേ ചക്ക വിളവെടുക്കുവാൻ പാടുള്ളൂ. വിളവെടുക്കുന്നതിനു മുൻപ് ഓഫീസിൽ നിന്നും പാസ് വാങ്ങേണ്ടതും ഓരോ തവണയും വിളവെടുത്തതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട ഫാം/സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിർബന്ധമായും ബോധ്യപ്പെടുത്തേണ്ടതുമാണ്.

11. പറിച്ചെടുത്ത ചക്ക 4.00 മണിക്ക് മുൻപായി ഔട്ട് പാസ് വാങ്ങി കൊണ്ടു പോകേണ്ടതാണ്. ഓരോ പ്ലാവിൽ നിന്നും പറിക്കുന്ന ചക്കയുടെ തൂക്കം/എണ്ണം ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനായി ഓഫീസിൽ നിർബന്ധമായും നൽകേണ്ടതാണ്.

12. ഓരോ ദിവസവും വിളവെടുക്കുന്ന ചക്ക അപ്പോൾ തന്നെ കൊണ്ടുപോകേണ്ടതാണ്. ഫാമിൽ സൂക്ഷിച്ച് വയ്ക്കുവാൻ അനുവദിക്കുന്നതല്ല.

13. നഴ്സറി ആവശ്യത്തിനായി മേൽ വിളകളിൽ നിന്നും ഗ്രാഫ്റ്റിങ്ങ്/ലെയറിങ്ങ് ചെയ്യുന്നതിന് കമ്പുകളെടുക്കുവാൻ ഫാമിന് അവകാശമുണ്ടായിരിക്കും.

14. ഫാമിലുള്ള പ്ലാവുകളിൽ 77 എണ്ണം മാത്രമാണ് വിളവെടുക്കുന്നതിനായി നൽകിയിട്ടുള്ളത്. മറ്റു പ്ലാവുകളിലെ വിളവെടുക്കുന്നതിന് ലേലം കൊണ്ട ആൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല.

15. പ്രത്യേക മുന്നറിയിപ്പ് ഇല്ലാതെ തന്നെ ക്വൊട്ടേഷൻ മാറ്റിവെയ്ക്കുന്നതിനോ പരിഷ്ക്കരിക്കുന്നതിനോ നിരസിക്കുന്നതിനോ ഉള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. മറ്റ് എല്ലാ സർക്കാർ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്.

16. ലേലം കൊണ്ട വ്യക്തി മേൽപ്പറഞ്ഞ ലേല നിബന്ധനകൾ അടങ്ങിയ ഉടമ്പടി 100/- രൂപ മുദ്രപ്പത്രത്തിൽ എഴുതി സാക്ഷികൾ സഹിതം ഒപ്പിട്ട് ആദ്യ വിളവെടുപ്പിന് മുൻപായി നൽകേണ്ടതാണ്.

17. വിളവെടുപ്പ് കാലയളവിൽ ഫാമിൽ ഏതെങ്കിലും രീതിയിൽ നഷ്ടമുണ്ടാക്കിയാൽ ലേലം വിളിച്ച വ്യക്തി അടച്ചിരിക്കുന്ന നിരതദ്രവ്യം ഉൾപ്പെടെയുള്ള മുഴുവൻ തുകയും യൂണിവേഴ്സറ്റി ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും ലേലം റദ്ദ് ചെയ്ത് മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി നേരിട്ടോ 0487 2961457 എന്ന നമ്പറിലോ ബന്ധപ്പെടാവുന്നതാണ്.

പ്രൊഫസർ & ഹെഡ്

**Professor & Head**
Instructional Farm, K.A.U.
Vellanikkara, Thrissur-680 656

പകർപ്പ് : സെൻട്രൽ നഴ്സറി, വെള്ളാനിക്കര.
എസ്റ്റേറ്റ് ഓഫീസ്, വെള്ളാനിക്കര.
എ.ആർ.എസ്. മണ്ണുത്തി.
ആറ്റിക്, മണ്ണുത്തി, കെ.എ.യു വെബ്സൈറ്റ്
സ്റ്റോക്ക് ഫയൽ

KERALA AGRICULTURAL UNIVERSITY
INSTRUCTIONAL ... THRISSUR-680656